(സി) അന്ധ/ബധിര വിദ്യാലയങ്ങളുടെ പശ്ചാത്തല സൗകര്യം കാലാനുസൃതമായും അവരുടെ പരിമിതികൾക്കിണങ്ങുന്നതുമായ രീതിയിൽ ആധുനിക സൗകര്യങ്ങളോടെ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

വിദ്യാലയങ്ങളുടെ പശ്ചാത്തല സൗകര്യ വികസനത്തിനും അക്കാദമിക വികസനത്തിനും പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി നടപടി സ്വീകരിച്ചുവരുന്നു.

പൊതുവിദ്യാലയങ്ങളിൽ ഇംഗ്ലീഷ് അദ്ധ്യാപക നിയമനം

236(846) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ മുഴുവൻ പൊതുവിദ്യാലയങ്ങളിലും ഹൈസ്കൂൾ തലത്തിൽ മലയാളം, ഹിന്ദി എന്നീ വിഷയങ്ങൾ പഠിപ്പിക്കാൻ അദ്ധ്യാപകരുള്ളതുപോലെ ഇംഗ്ലീഷ് വിഷയം പഠിപ്പിക്കാൻ പ്രത്യേകം ഇംഗ്ലീഷ് അദ്ധ്യാപകരെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോ?

KER-ലെ വ്യവസ്ഥകൾക്ക് വിധേയമായി ഹൈസ്കൂൾ വിഭാഗത്തിൽ എല്ലാ വിഷയങ്ങൾക്കും ആനുപാതികമായി തസ്തിക നിർണ്ണയം നടത്തിയാണ് അദ്ധ്യാപകരെ നിയമിക്കുന്നത്. ആയതുപ്രകാരമാണ് മലയാളം, ഹിന്ദി വിഷയങ്ങളിൽ നിലവിലുള്ള തസ്തിക നിർണ്ണയ ചട്ടപ്രകാരം തസ്തിക നിർണ്ണയിച്ച് അദ്ധ്യാപകരെ നിയമിക്കുന്നത്. എന്നാൽ ടി ചട്ടപ്രകാരം ഹൈസ്കൂൾ വിഭാഗത്തിൽ മിനിമം 5 ഡിവിഷനുണ്ടെങ്കിൽ മാത്രമേ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക അനുവദിക്കുകയുള്ളൂ. ഈ സാഹചര്യത്തിലാണ് 5 ഡിവിഷനിൽ കുറവുള്ള ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തികയില്ലാത്തത്.

എൽ.പി. സ്കൂളുകളിലെ റിട്ടയർമെന്റ് ഒഴിവുകൾ

237(847) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ജനുവരി 1 മുതൽ 2025 ഡിസംബർ 31 വരെ എറണാകുളം ജില്ലയിലെ സർക്കാർ എൽ.പി. സ്കൂളുകളിലുണ്ടായേക്കാവുന്ന റിട്ടയർമെന്റ് ഒഴിവുകളെത്രയാണെന്ന് വ്യക്തമാക്കാമോ?

253 ഒഴിവുകൾ.

(ബി) ഇതേ വർഷങ്ങളിൽ എറണാകുളം ജില്ലയിലെ സർക്കാർ എൽ.പി. സ്കൂളുകളിലുണ്ടായേക്കാവുന്ന പ്രധാനാദ്ധ്യാപകരുടെ റിട്ടയർമെന്റ് ഒഴിവുകൾ വർഷാടിസ്ഥാനത്തിൽ എത്രയെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ആകെ 120 ഒഴിവുകൾ.

2022	-	40
2023	-	44
2024	-	18
2025	-	18

(സി) ദേശീയ വിദ്യാഭ്യാസനയപ്രകാരം ഒന്നാം ക്ലാസ് മുതൽ എൻ.എസ്.ക്യു.എഫ്. പാഠ്യപദ്ധതി നടപ്പാക്കാൻ കേന്ദ്ര നിർദ്ദേശമുണ്ടായിട്ടും അത് നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

2018 മുതൽ കേരളത്തിൽ 11, 12 ക്ലാസ്സുകളിൽ വി.എച്ച്.എസ്.ഇ. സ്കൂളുകൾ എൻ.എസ്.ക്യു.എഫ്. പാഠ്യപദ്ധതി നടപ്പാക്കിവരുന്നു. തൊഴിൽ പഠനത്തിന് കുട്ടികളെ പ്രാപ്തരാക്കാൻ ചെറിയ ക്ലാസ്സുകൾ മുതൽതന്നെ തൊഴിൽ നൈപുണ്യവുമായി ബന്ധപ്പെട്ട ആശയങ്ങളും പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. 9, 10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ എൻ.എസ്.ക്യു.എഫ്. അധിഷ്ഠിത പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പുസ്തകങ്ങളിൽ പ്രത്യേകം കോഴ്സുകളായിട്ടല്ല ഇവ ഉൾപ്പെടുത്തിയിട്ടുള്ളത്. പകരം തൊഴിൽ അഭിമുഖ്യം വളർത്തുന്നതിനുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾ ഓരോ വിഷയത്തിന്റെയും സാധ്യതയനുസരിച്ച് അതത് ഇടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വയനാട് ജില്ലയിലെ അദ്ധ്യാപക തസ്തിക

238(848) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷം വയനാട് ജില്ലയിൽ എത്ര അദ്ധ്യാപകർക്കാണ് പി.എസ്.സി. വഴി നിയമനം നൽകിയതെന്ന് വ്യക്തമാക്കുമോ?

113 പേർക്ക്

(ബി) തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) പ്രസ്തുത ജില്ലയിൽ നിലവിൽ എത്ര അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന കാര്യം വ്യക്തമാക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly